**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3399** **11-03-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കി മാറ്റുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് പദ്ധതിക്ക് വകയിരുത്തിയ തുക സഹിതം വിശദമാക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിലെ വില്ല്യാപ്പള്ളി, വേളം എന്നീ വില്ലേജ് ഓഫീസുകളെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 44 ലക്ഷം രൂപ വീതവും, ആയഞ്ചേരി വില്ലേജ് ഓഫീസിനെ പ്ലാൻ പദ്ധതി 2017-18-ൽ ഉൾപ്പെടുത്തി 44 ലക്ഷം രൂപയുടെയും, കുന്നുമ്മൽ വില്ലേജ് ഓഫീസിനെ പ്ലാൻ പദ്ധതി 2020-21 ഉൾപ്പെടുത്തി നവീകരണം വഴി സ്മാർട്ട് ആക്കി മാറ്റുന്നതിനായി 14,46,000/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുള്ളതും, ടി പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുള്ളതുമാണ്. കോട്ടപ്പള്ളി വില്ലേജ് ഓഫീസിനെ പ്ലാൻ പദ്ധതി 2024-25- ൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജുകൾ ആക്കി മാറ്റുന്നതിലൂടെ എന്തൊക്കെ പ്രയോജനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ? | (ബി) | ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.<br><br>ഇതു കൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും, കുടിവെള്ള സൗകര്യവും, ടോയ്‌ലറ്റുകളും |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ